**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6430** **20-03-2023 - ൽ മറുപടിയ്ക്ക്**

**കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം നടപ്പിലാക്കിയ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികളുടെ പുരോഗതി വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | മൈക്രോ ഇറിഗേഷൻ പദ്ധതികൾ വിശകലന വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ തലത്തിൽ മൈക്രോ ഇറിഗേഷൻ പദ്ധതികളുടെ പുരോഗതി വിശകലനം ചെയ്യുകയും, പദ്ധതികൾ പരമാവധി വേഗതയിൽ പൂർത്തീകരിയ്ക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും നടപടികളും സ്വീകരിയ്ക്കുകയും ചെയ്യുന്നുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ ഭരണാനുമതി ലഭിച്ച ചില പ്രവർത്തികളിൽ പുരോഗതി കുറവാണെന്നു മനസിലാക്കി, നിലവിലെ തടസ്സങ്ങൾ പരിഹരിച്ച് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിൽ പ്രാവീണ്യമുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോപ്പറേഷൻ ലിമിറ്റഡ് (KIIDC) നെ എട്ട് പ്രവൃത്തികൾ (ആകെ അടങ്കൽ തുക 22.28 കോടി) സമയബന്ധിതമായി പൂർത്തീകരിയ്ക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കിയെങ്കിലും ജലസേചിത പ്രദേശത്തിന്റെ വിസ്തൃതിയിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ലായെന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | നിലവിൽ പരിശോധനാവിധേയമാക്കിയിട്ടില്ല. കെ.ഐ.ഐ.ഡി.സി. (KIIDC) നടപ്പിലാക്കി വരുന്ന കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയിലൂടെ ഏകദേശം 1059 ഏക്കർ പ്രദേശത്ത് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ വഴി ജലസേചനം ഉറപ്പാക്കാൻ സാധിക്കും. പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് മുൻപ് പ്രസ്തുത പ്രദേശങ്ങളിൽ സാമൂഹിക സാമ്പത്തിക സർവ്വേയും പരിശോധനയും നടത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന് ശേഷം മൂന്ന് വർഷത്തെ ഓപ്പറേഷൻ ആൻഡ് മെയ്ന്റനൻസ് കാലാവധി കഴിയുമ്പോൾ സാമൂഹിക സാമ്പത്തിക സർവേ വീണ്ടും നടത്തി പ്രസ്തുത പദ്ധതി വിലയിരുത്തുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രകൃതിക്ഷോഭങ്ങൾ മൂലം ചെറുകിട ജലസേചന പദ്ധതികൾക്കുണ്ടാകുന്ന കേടുപാടുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് പര്യാപ്തമായ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | ചെറുകിട ജലസേചന പദ്ധതികൾക്ക് ഉണ്ടാകുന്ന കേടുപാടുകൾ തീർക്കുന്നതിന് “Repairs to Minor Irrigation Structures, 2702-03-101-98” എന്ന പ്ലാൻ ഹെഡിൽ 250 ലക്ഷം രൂപയും, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ കേടുപാടുകൾ തീർക്കുന്നതിന് “Rehabilitation of Lift Irrigation Schemes 4702-00-101-73” എന്ന പ്ലാൻ ഹെഡിൽ 500 ലക്ഷം രൂപയും 2022-23 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാടുകൾ പരിഹരിയ്ക്കുന്നതിന് ഈ ഹെഡിൽ നിന്നും പ്രവൃത്തികൾ മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. |
| (ഡി) | സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ പരിഗണിച്ച് മൈക്രോ ഇറിഗേഷൻ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായും കൂടുതൽ പ്രദേശത്ത് ജലസേചനം ഉറപ്പാക്കുന്നതിനും പര്യാപ്തമായ രീതിയിൽ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | മൈക്രോ ഇറിഗേഷൻ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ജലസേചന വകുപ്പ് പ്രത്യേകം ശ്രദ്ധ പതിപ്പിയ്ക്കുന്നുണ്ട്. കൃഷി വകുപ്പുമായി ബന്ധപ്പെട്ട് മൈക്രോ ഇറിഗേഷൻ കൃഷി സാധ്യമാകുന്ന മേഖലകൾ കണ്ടെത്തി ക്ലസ്റ്റർ അടിസ്ഥാനത്തിൽ മൈക്രോ ഇറിഗേഷൻ പദ്ധതികൾ കണ്ടെത്താൻ വേണ്ട നിർദ്ദേശം ഫീൽഡ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.<br><br>തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ, കാസർഗോഡ് ജില്ലയിലെ അയ്യൻകാവ്-വളയംകുണ്ട്-പയനിക്കര, വയനാട് ജില്ലയിലെ താളൂർ പാടശേഖരം, എറണാകുളം ജില്ലയിലെ കുട്ടിത്താനാൽ, പത്തനംതിട്ട ജില്ലയിലെ സീതത്തോട്, ഇടുക്കി ജില്ലയിലെ വണ്ടന്മേട്, കാമാക്ഷി-പാറക്കടവ്, കോഴിക്കോട് ജില്ലയിലെ കാഞ്ഞിരമുഴി തുടങ്ങിയ പ്രദേശങ്ങളിൽ 22.28 കോടി രൂപയുടെ 8 പദ്ധതികൾ നടപ്പി ലാക്കാൻ കെ.ഐ.ഐ.ഡി.സി. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ